# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6659 — 12.07.2012 ൽ മറുപടിയ്ക്ക്

## സഹകരണ സംഘങ്ങൾക്കുണ്ടാകുന്ന അധിക ബാധ്യത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീമതി. കെ.കെ. ലതിക<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) കാർഷിക വായ്പയ്ക്കുള്ള പലിശ സബ്സിഡി, പിഴപ്പലിശ ഒഴിവാക്കൽ, കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകൾ, കമ്പോളത്തിൽ ഇടപെടാനുള്ള സംരംഭങ്ങൾ, കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം തുടങ്ങിയുള്ള തീരുമാനങ്ങൾ നടപ്പിലാക്കുന്നതുമൂലം സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്കുണ്ടാകുന്ന അധിക ബാധ്യത കണക്കാക്കി വകവച്ച് കൊടുക്കാറുണ്ടോ; | (എ) നെൽകർഷകർക്കുള്ള പലിശ രഹിത വായ്പ പദ്ധതി കുറഞ്ഞ പലിശ നിരക്കിൽ നൽകുന്ന കാർഷിക വായ്പ, സർക്കാർ നിർദ്ദേശപ്രകാരം കാർഷിക ഉൽപന്നങ്ങളുടെ സംഭരണം തുടങ്ങിയുള്ള തീരുമാനങ്ങൾ നടപ്പിലാക്കുന്നത് മുഖേന സഹകരണ സംഘങ്ങൾക്കുണ്ടാകുന്ന അധിക ബാദ്ധ്യതയും വിലക്കയറ്റം തടയുന്നതിന് കമ്പോളത്തിൽ ഇടപെടുന്നതിന് കൺസ്യൂമർ ഫെഡിന് സബ്സിഡിയും സർക്കാർ വഹിക്കുന്നുണ്ട്. എന്നാൽ കുടിശ്ശിക നിവാരണ പദ്ധതികൾ പ്രകാരം പലിശ ഇളവ്, പിഴപ്പലിശ ഇളവ് എന്നിവ നൽകുന്നത് മുഖേന സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് ലഭിക്കാനുള്ള കിട്ടാക്കടം പിരിഞ്ഞു കിട്ടാറുണ്ട്. ആയത് ബാങ്കുകൾക്ക് കൂടി പ്രയോജനകരമാണ്. കുടിശ്ശിക നിവാരണ പദ്ധതികൾ പ്രകാരം പലിശ ഇളവ്, പിഴപ്പലിശ ഇളവ് എന്നിവ അനുവദിച്ചു നൽകുന്ന തുക സഹകരണ ബാങ്കുകൾക്ക് സർക്കാർ നൽകുന്നില്ല. |
| (ബി) മേൽപ്പറഞ്ഞ പോലുള്ള എല്ലാ ഇനങ്ങളിലുമായി സംസ്ഥാനത്തെ സഹകരണ വായ്പാ സംഘങ്ങൾക്ക് വകവച്ച് കിട്ടേണ്ടതായ തുകയെ സംബന്ധിച്ച വിശദാംശങ്ങൾ | (ബി) നെൽകൃഷിക്ക് പലിശ രഹിത വായ്പ നൽകുന്നതിനായ് പലിശ സബ്സിഡിയായി ഒരു കോടി രൂപ 2010-11 വർഷത്തിൽ വായ്പ സഹകരണ സംഘങ്ങൾക്ക് അനുവദിച്ച |

ലഭ്യമാക്കാമോ;

നൽകിയിട്ടുണ്ട്. ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ള ഒരു കോടി രൂപയിൽ 2011-12 സാമ്പത്തിക വർഷത്തിൽ ക്ലെയിം ലഭിച്ച 39.31 ലക്ഷം രൂപ അനുവദിച്ച നൽകിയിട്ടുണ്ട്. ക്ലെയിം ലഭിക്കുന്ന മുറയ്ക്ക് ബാക്കി തുക വായ്പ സഹകരണ സംഘങ്ങൾക്ക് നൽകുന്നതാണ്. കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് അവർ അടയ്ക്കുന്ന പലിശയുടെ 3 ശതമാനം പലിശ സബ്‌വെൻഷൻ കേന്ദ്ര സർക്കാർ അനുവദിക്കുന്നുണ്ട്. ഈ ഇനത്തിൽ 13.49 കോടി രൂപയുടെ സഹകരണ ബാങ്കുകളുടെ 2011-12 വർഷത്തെ ക്ലെയിം ഇപ്പോൾ ലഭിച്ചിട്ടുണ്ട്. കൂടാതെ കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പ ബാങ്കുകളുടെ സ്വന്തം ഫണ്ടിൽ നിന്നും വിതരണം ചെയ്യുമ്പോൾ ബാങ്കുകൾക്കുണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിന് 2 ശതമാനം പലിശ സബ്‌വെൻഷൻ കേന്ദ്ര സർക്കാർ നൽകി വരുന്നു. ഈ ഇനത്തിൽ 24.77 കോടി രൂപയുടെ ക്ലെയിം ഇപ്പോൾ ലഭിച്ചിട്ടുണ്ട്. ടി തുക കേന്ദ്ര സർക്കാർ അനുവദിച്ച നൽകുന്നതാണ്.

(സി) 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തെ വായ്പാ സംഘങ്ങൾ ഹ്രസ്വകാല കാർഷിക വായ്പകൾ നൽകിയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) 2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ ഹ്രസ്വകാല കാർഷിക വായ്പയായി 2665.47 കോടി രൂപ നൽകിയിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം അവസാനിക്കുന്നത് 31.03.2013 നാണ്. 2012-13 സാമ്പത്തിക വർഷത്തിൽ 31.05.2012 വരെ 560.35 കോടി രൂപ ഹ്രസ്വകാല കാർഷിക വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

(ഡി) സർക്കാർ പ്രഖ്യാപിച്ച ഹ്രസ്വകാല വായ്പകൾക്കുള്ള പലിശ സബ്സിഡി ഇനത്തിൽ, സഹകരണ ബാങ്കുകൾക്ക് എന്തു തുക ഇതിനകം നൽകുകയുണ്ടായി എന്നും വിശദമാക്കാമോ?

(ഡി) നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കാർഷികാവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശി വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര

സർക്കാർ നൽകുന്ന സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതം കൂടി നൽകി പൂർണ്ണമായും പലിശ രഹിത വായ്പയായി നൽകുന്നതാണ്. ടി പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ 32 കോടി രൂപ വഹിക്കുന്നതിനും, അതിൽ നെൽകൃഷിക്ക് പലിശ രഹിത വായ്പ നൽകുന്നതിന് വകയിരുത്തിയിട്ടുള്ള ഒരു കോടി രൂപ കഴിച്ച് 31 കോടി രൂപ തൻവർഷം അനുവദിക്കുന്നതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. തുക വിതരണം ചെയ്യുന്നത് സംബന്ധിച്ച ചട്ടങ്ങൾ സർക്കാർ പരിശോധിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ